# സമ്മാനം

• ഉണ്ണികൃഷ്ണൻ കിടങ്ങൂർ

അഹങ്കാരിയായിരുന്നു സുധീഷ്. മറ്റുള്ളവരെ അവനു പുച്ഛമായിരുന്നു. അതിനാൽ കഴിയുന്നത്ര മറ്റുള്ളവരുമായി അകന്നു ജീവിക്കാനാണ് അവൻ ശ്രമിച്ചത്.

ഒരിക്കൽ കുറെ വസ്ത്രങ്ങൾ വാങ്ങാൻ വേണ്ടി അവൻ നഗരത്തിലെ വലിയൊരു വ്യാപാര സമുച്ചയത്തിൽ പോയി. പലതരം കച്ചവടസ്ഥാപനങ്ങളുള്ള വലിയൊരു മാൾ!

കുറെയേറെ തുണികൾ വാങ്ങാനുണ്ടായിരുന്നു. സാധനങ്ങളൊക്കെ പായ്ക്ക് ചെയ്തു കഴിഞ്ഞപ്പോൾ അവൻ ബില്ലു വാങ്ങി. അതനുസരിച്ചുള്ള പണവും കൊടുത്തു.

പിന്നെ മാളിലൂടെ ഇത്തിരിനേരം നടന്നു കാണണമെന്ന് അവനു തോന്നി. ഏഴു നിലയുള്ള കെട്ടിടമാണ്.

നടന്നു നടന്ന് അവൻ താൻ വസ്ത്രം വാങ്ങിയ തുണിക്കടയുടെ മുന്നിൽ വീണ്ടുമെത്തി. അവിടെ ഒരു ബോർഡ് വെച്ചിരുന്നു. അതു നോക്കിനിൽക്കുകയാണ് ഒരു വൃദ്ധൻ.

സുധീഷിനെ കണ്ടതോടെ വൃദ്ധൻ അയാളുടെ നേരേ തിരിഞ്ഞു:

''കുഞ്ഞേ, ഇതെന്താ എഴുതിവെച്ചിരിക്കുന്നതെന്നു നോക്കി ഒന്നു വായിച്ചു തരാമോ? ഞാൻ കണ്ണട എടുത്തിട്ടില്ല.''

സുധീഷിന് ദേഷ്യം വന്നു. 'ഹും,





സഹായം ചോദിക്കാൻ കിഴവൻ തന്നെ മാത്രമേ കണ്ടുള്ളൂ!'

''എനിക്കു മലയാളം അറിയില്ല. ഞാൻ ഇംഗ്ലീഷ് മീഡിയത്തിലാ പഠിച്ചത്.'' സുധീഷ് വൃദ്ധന്റെ മുഖത്തുനോക്കാതെ പറഞ്ഞു.

വൃദ്ധൻ മെല്ലെ പറഞ്ഞു: ''ഇത് ഇംഗ്ലീഷിലാ കുഞ്ഞേ.. ഒന്നു വായിച്ചേ.. എനിക്ക് സമ്മാനമുണ്ടോന്ന് അറിയാനാ...''

തൊട്ടടുത്ത റസ്റ്റോറന്റിൽനിന്ന് ഒരു പിസ വാങ്ങി കഴിക്കാനുള്ള ആവേശത്തിലായിരുന്നു സുധീഷ്. അതിനിടയിലാണ് ശല്യം!

ആ സമയം അതുവഴി വന്ന മറ്റൊരു ചെറുപ്പക്കാരൻ ഇടപെട്ടു. അയാൾ ബോർഡ് നോക്കിയിട്ടു ചോദിച്ചു:

''അമ്മാവന്റെ പേരെന്താ? ഒരു സുധീഷ് കുമാറിനാ ഒന്നാം സമ്മാനം.'' പിസ ഹട്ടിലേക്കു നടക്കാൻ തുടങ്ങിയ സുധീഷ് തന്റെ പേരു പറയുന്നതു കേട്ട് തിരിഞ്ഞുനിന്നു.

''എന്താ അത്? എന്തിനുള്ള സമ്മാനമാണ്?'' ''ആ തുണിക്കടയിൽനിന്ന് സാധനം വാങ്ങിയവരുടെ പേരുകൾ ഓരോ മണിക്കൂറിലും നറുക്കിട്ട് ഒരാൾക്ക് ഒരു സമ്മാനം കൊടുക്കും. വിൽപന കൂട്ടാനുള്ള ഓരോ മാർഗം!'' ചെറുപ്പക്കാരൻ ഇത്രയും പറഞ്ഞിട്ട് ബോർഡ് നോക്കി.

''ഇല്ല, അമ്മാവനു സമ്മാനമില്ല.''
അയാൾ പറഞ്ഞു.

''വേണ്ട, വെറുതെ അറിയാനാ ചോദിച്ചത്.'' വൃദ്ധൻ മുന്നോട്ടു നീങ്ങി.

സുധീഷ് കൗതുകത്തോടെ ബോർഡിനു സമീപമെത്തി. അയാൾ തന്റെ പേര് അതിലെഴുതിയതായി കണ്ടു. ബില്ലിന്റെ നമ്പറുമായി ഒത്തുനോക്കി. ശരിയാണ്, തനിക്കാണ് ബമ്പർ സമ്മാനം.

സുധീഷ് വേഗം കടയിലേക്കു കയറി. ബില്ല് കൊടുത്ത് അയാൾ തനിക്കുള്ള സമ്മാനം വാങ്ങി.

ഒന്നാംതരമൊരു ജീൻസാണ് അവനു സമ്മാനമായി കിട്ടിയത്. പെട്ടെന്ന് അവൻ ആ വൃദ്ധനെ ഓർമ്മിച്ചു. 'സത്യത്തിൽ അദ്ദേഹം കാരണമാണ് തനിക്ക് ഈ സമ്മാനം കിട്ടിയത്. ഒന്നു കാണണം. ധിക്കാരം പറഞ്ഞതിനു ക്ഷമ ചോദിക്കണം' -അവൻ നിശ്ചയിച്ചു.

പക്ഷേ, ആ തിരക്കിൽ വൃദ്ധനെ കണ്ടെത്താൻ അവനു കഴിഞ്ഞില്ല.

✦

» കേരളത്തിൽ ഉപ്പുസത്യഗ്രഹം നടന്ന കേന്ദ്രം– പയ്യന്നൂർ